**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ കാർഡ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വിഭാഗങ്ങളിലായി വിതരണം ചെയ്ത റേഷൻ കാർഡുകൾ എത്ര വീതമാണെന്ന് അറിയിക്കാമോ; | (എ) | 1. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 77,313 പി.എച്ച്.എച്ച് (പിങ്ക്) കാർഡുകളും 2,44,012 എൻ.പി.എൻ.എസ് (വെള്ള) കാർഡുകളും 6,758 ക്ഷേമസ്ഥാപനങ്ങൾക്കുള്ള കാർഡുകളും ഉൾപ്പെടെ 3,28,083 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു. റേഷൻകാർഡുകൾ ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാറ്റി വാടകയ്ക്ക് താമസിക്കുന്നവർക്കും തെരുവോരത്ത് താമസിക്കുന്നവർക്കും ആധാർ കാർഡ് പരിശോധിച്ച് റേഷൻകാർഡ് നൽകുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട് .<br><br>2. കൂടാതെ അനർഹർ കൈവശം വച്ചു വന്നിരുന്ന റേഷൻകാർഡുകൾ സറണ്ടർ ചെയ്തത് ഉൾപ്പെടെ 20,687 എ.എ.വൈ കാർഡുകളും 2,66,875 പി.എച്ച്.എച്ച് കാർഡുകളും അർഹരായവർക്ക് തരം മാറ്റി നൽകാനും ഈ സർക്കാരിന്റെ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.<br><br>3. ഇതിനു പുറമേ സർക്കാരിന്റെ രണ്ടാം വർഷ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി 50461 പേർക്ക് മുൻഗണനാ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ആവശ്യമായ രേഖകളില്ലാത്തതിനാൽ റേഷൻ കാർഡ് ലഭിക്കാത്തവരിൽ ഏഴായിരത്തിലധികം പേർ അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ളതിനാൽ ഇവർക്ക് അടിയന്തരമായി കാർഡ് ലഭ്യമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന നടപടികളുടെ ഭാഗമായി, റേഷൻകാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച് കാർഡ് അനുവദിക്കുന്നതിന് പൊതുവിതരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. അപ്രകാരം അതിദരിദ്രലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കാർഡ് ഇല്ലാത്തവർക്ക് കാർഡ് അനുവദിക്കുന്നതിനും അർഹതയുണ്ടായിട്ടും |

| | | | |
|---|---|---|---|
| | | | മുൻഗണനേതര കാർഡ് ലഭ്യമായവർക്ക് അത് മാറ്റി നൽകുന്നതിനും നടപടി സ്വീകരിച്ച് വരുന്നു.<br><br>ലഭ്യമായ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആകെ **7316** പേരിൽ **2428** പേർ ആധാർ ഉള്ളവരും **4888** പേർ ആധാർ ഇല്ലാത്തവരുമാണ്. ലിസ്റ്റിൽ ഉൾപ്പെട്ട ആധാർ ഇല്ലാത്തവർക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും ആധാർ കാർഡുള്ളവർക്ക് റേഷൻകാർഡ് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടതും റേഷൻകാർഡ് അനുവദിച്ചിട്ടുള്ളതുമായവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ **അനുബന്ധം 1 ആയി** ചേർക്കുന്നു.<br><br>അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ആധാർ കാർഡ് ഇല്ലാത്തവർ, തദ്ദേശസ്വയംഭരണ വകുപ്പിന് തിരിച്ചറിയാൻ കഴിയാത്തവർ/ വിവരങ്ങൾ ലഭ്യമല്ലാത്തവർ, മരണപ്പെട്ടവർ, നിലവിലെ അഡ്രസ്സിൽ താമസമില്ലാത്തവർ, നിലവിൽ വെൽഫെയർ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടവർ, തെറ്റായ ആധാർ നമ്പർ ഉള്ളവർ, മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്ഥലം മാറിപ്പോയവർ, 18 വയസ്സിനു താഴെയുള്ളവർ, മറ്റ് താലൂക്കുകളിൽ കാർഡുള്ളവർ, പഞ്ചായത്ത് ലിസ്റ്റിൽ നിന്നും പേര് ഒഴിവാക്കിയവർ, കടുത്ത മാനസിക രോഗത്താൽ റേഷൻകാർഡ് വേണ്ടെന്ന് അറിയിച്ചവർ എന്നിങ്ങനെയുള്ളവർക്കാണ് റേഷൻകാർഡ് നൽകാൻ അവശേഷിക്കുന്നത്. ഇതിൽ ആധാർ ഇല്ലാത്തവരെ കണ്ടെത്തി റവന്യൂ വകുപ്പിന്റെയും അക്ഷയ സെന്ററിന്റെയും സഹായത്തോടു കൂടി ആധാർ ലഭ്യമാക്കുന്നതിനും റേഷൻ കാർഡ് അനുവദിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും എല്ലാ അതിദരിദ്രർക്കും റേഷൻകാർഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | വകുപ്പ് നടത്തിയ പരിശോധനയിൽ മുൻഗണനാ കാർഡ് അനർഹമായി കൈവശം വച്ച എത്രപേരെ കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പരിശോധനകളിലൂടെയും സ്വമേധയാ സറണ്ടർ ചെയ്തതിലൂടെയും അനർഹമാണെന്ന് കണ്ടെത്തി മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റിയ കാർഡുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് റേഷൻ കാർഡുകൾ | (ഡി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | കൂടുന്നതിനനുസരിച്ച് റേഷൻ വിഹിതം വർദ്ധിപ്പിച്ചുകിട്ടാത്ത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ? | | നടപ്പാക്കുന്നതിനു മുമ്പ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം പ്രതിവർഷം ലഭ്യമായിരുന്നെങ്കിലും നിലവിൽ 14.25ലക്ഷം മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ളത്. 2011 ലെ സെൻസസിനെ അടിസ്ഥാനമാക്കി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യഭദ്രതാ പരിധിയിൽ സംസ്ഥാനത്തിൽ നിന്നും 46.34 ശതമാനം ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ശേഷിക്കുന്ന 53.66% ജനങ്ങൾക്ക് ടൈഡ് ഓവർ വിഹിതമായി കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യം മതിയാകാതെ വരുന്നതിനാൽ വിവിധ ഘട്ടങ്ങളിൽ ഉയർന്ന വില നൽകി അരി വാങ്ങേണ്ട സാഹചര്യമുണ്ട്. ചില ഘട്ടങ്ങളിൽ കിലോഗ്രാമിന് 20 രൂപ മുതൽ 22.50 രൂപ നിരക്കിൽ എഫ്.സി.ഐയിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും കിലോഗ്രാമിന് 15/- രൂപ നിരക്കിലും വിതരണം നടത്തിയിട്ടുണ്ട്.<br><br>ആധാർ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം സംസ്ഥാനത്തിന്റെ ജനസംഖ്യ 3,53,30,888 ആണ്. റേഷനിംഗ് മേഖലയിൽ സംസ്ഥാനം 100% ആധാർ സീഡിംഗ് കൈവരിച്ചിട്ടുള്ളത് പരിഗണിച്ച് ജനസംഖ്യാനുസൃതമായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധിയും ഭക്ഷ്യധാന്യ വിഹിതവും വർദ്ധിപ്പിച്ചു നൽകുന്നതിന് മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നിരവധി തവണ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആയത് പരിഗണിക്കാനാകൂ എന്നാണ് കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം 1</u>

| നം. | ജില്ല | ത.സ്വ.ഭ.വ ലിസ്റ്റ് പ്രകാരം ആധാർ നിലവിലുള്ളവർ | ടി ലിസ്റ്റിൽ നിലവിൽ റേഷൻ കാർഡ് ഉള്ളവർ | ലിസ്റ്റ് പ്രകാരം പുതുതായി റേഷൻ കാർഡ് അനുവദിച്ചത് | ത.സ്വ.ഭ.വ ലിസ്റ്റ് പ്രകാരം ആധാർ ഇല്ലാത്തവർ | ടി ലിസ്റ്റ് പ്രകാരം കാർഡ് അനുവദിച്ചത് | ത.സ്വ.ഭ.വ ലിസ്റ്റ് പ്രകാരം ആകെ എണ്ണം | അനുവദിച്ച ആകെ കാർഡുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 264 | 166 | 79 | 851 | 722 | 1115 | 967 |
| 2 | കൊല്ലം | 159 | 84 | 61 | 554 | 296 | 713 | 441 |
| 3 | പത്തനംതിട്ട | 117 | 68 | 38 | 282 | 40 | 399 | 146 |
| 4 | ആലപ്പുഴ | 112 | 69 | 37 | 314 | 123 | 426 | 229 |
| 5 | കോട്ടയം | 61 | 19 | 37 | 171 | 114 | 232 | 170 |
| 6 | ഇടുക്കി | 126 | 75 | 34 | 243 | 110 | 369 | 219 |
| 7 | എറണാകുളം | 208 | 136 | 57 | 442 | 232 | 650 | 425 |
| 8 | തൃശ്ശൂർ | 188 | 86 | 87 | 362 | 314 | 550 | 487 |
| 9 | പാലക്കാട് | 258 | 149 | 59 | 530 | 40 | 788 | 248 |
| 10 | കോഴിക്കോട് | 210 | 146 | 50 | 242 | 178 | 452 | 374 |
| 11 | മലപ്പുറം | 272 | 184 | 80 | 335 | 111 | 607 | 375 |
| 12 | വയനാട് | 126 | 82 | 40 | 195 | 134 | 321 | 256 |
| 13 | കണ്ണൂർ | 152 | 95 | 56 | 145 | 95 | 297 | 246 |
| 14 | കാസർഗോഡ് | 175 | 115 | 56 | 222 | 44 | 397 | 215 |
| **ആകെ** | | **2428** | **1474** | **771** | **4888** | **2553** | **7316** | **4798** |

## അനുബന്ധം 2

| നം. | ജില്ല | സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകളുടെ എണ്ണം | | പരിശോധനയിലൂടെ കണ്ടെത്തിയ കാർഡുകളുടെ എണ്ണം | | പരാതിയുടെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിലേക്ക് മാറ്റിയ കാർഡുകളുടെ എണ്ണം | | ആകെ | |
|---|---|---|---|---|---|---|---|---|---|
| | | എ.എ. വൈ | പി .എച്ച്. എച്ച് | എ.എ. വൈ | പി .എച്ച്. എച്ച് | എ.എ. വൈ | പി .എച്ച്. എച്ച് | എ.എ. വൈ | പി .എച്ച്. എച്ച് |
| 1 | തിരുവനന്തപുരം | 1062 | 5207 | 1589 | 4593 | 84 | 138 | 2735 | 9965 |
| 2 | കൊല്ലം | 996 | 5578 | 367 | 2081 | 12 | 49 | 1375 | 7708 |
| 3 | പത്തനംതിട്ട | 1090 | 4819 | 510 | 2196 | 135 | 234 | 1714 | 7215 |
| 4 | ആലപ്പുഴ | 734 | 3110 | 358 | 1163 | 35 | 40 | 1127 | 4313 |
| 5 | കോട്ടയം | 942 | 4102 | 226 | 782 | 45 | 97 | 1213 | 4981 |
| 6 | ഇടുക്കി | 312 | 1978 | 372 | 1334 | 28 | 107 | 702 | 3419 |
| 7 | എറണാകുളം | 1042 | 7149 | 487 | 3156 | 78 | 366 | 1637 | 10894 |
| 8 | തൃശ്ശൂർ | 760 | 5090 | 417 | 2724 | 53 | 86 | 1230 | 7900 |
| 9 | പാലക്കാട് | 889 | 8429 | 484 | 2179 | 51 | 252 | 1424 | 10860 |
| 10 | കോഴിക്കോട് | 1014 | 7911 | 315 | 1372 | 99 | 298 | 1428 | 9581 |
| 11 | മലപ്പുറം | 1761 | 18019 | 362 | 5422 | 37 | 236 | 2160 | 23677 |
| 12 | വയനാട് | 644 | 1905 | 152 | 455 | 96 | 365 | 892 | 2725 |
| 13 | കണ്ണൂർ | 747 | 5256 | 309 | 1446 | 62 | 209 | 1118 | 6911 |
| 14 | കാസർഗോഡ് | 297 | 1650 | 43 | 146 | 13 | 30 | 353 | 1826 |
| **ആകെ** | | **12290** | **80203** | **5991** | **29049** | **828** | **2507** | **19108** | **111975** |

സെക്ഷൻ ഓഫീസർ